ആവശ്യമായി വരുന്ന പി.എസ്.സി. പോസ്റ്റുകൾ നിർമ്മിച്ച് വിതരണം ചെയ്യുന്നതിനായി ഇപ്പോൾ രാമനാട്ടുകര പെരുവയൽ, കല്ലംതോട് എന്നിവിടങ്ങളിൽ 3 പോൾകാസ്റ്റിംഗ് യാർഡുകളിലെ കരാറുകാരുമായി പോസ്റ്റുകൾ സപ്ലൈ ചെയ്യുന്നതിനുള്ള ധാരണയിലെത്തിയിട്ടുണ്ട്. അതിനാൽ കോഴിക്കോട് ജില്ലയിൽ വീണ്ടും ഒരു പോൾ കാസ്റ്റിംഗ് യാർഡു കൂടി സ്ഥാപിക്കേണ്ടതിന്റെ ആവശ്യകത ഇപ്പോൾ ഇല്ല.

വൈപ്പിനിലെ താപവൈദ്യുതി നിലയം

121 (346) ഡോ. എം. എ. കുട്ടപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈപ്പിനിൽ 1200 മെഗാവാട്ട് ശേഷിയുള്ള താപവൈദ്യുത നിലയം സ്ഥാപിക്കുന്നതിന് മലേഷ്യയിലെ സിയാസിൽ കമ്പനിയുമായി ധാരണപത്രം ഒപ്പുവച്ചിരുന്നുവോ ;

(ബി) പ്രസ്തുത പദ്ധതിക്ക് സാങ്കേതിക-സാമ്പത്തിക അനുമതികൾ ലഭിച്ചിട്ടുണ്ടോ ;

(സി) പദ്ധതി നടപ്പിലാക്കുന്നതിനുള്ള കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ) വൈപ്പിനിൽ 1200 മെഗാവാട്ട് ശേഷിയുള്ള താപവൈദ്യുത നിലയം സ്ഥാപിക്കുന്നതിന് സിയാസിൽ ട്രേഡിംഗ് ആന്റ് സർവ്വീസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിയുമായി ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്.

(ബി) ഉണ്ട്. 600 മെഗാവാട്ട് വരുന്ന ആദ്യഘട്ടത്തിന് സാങ്കേതിക സാമ്പത്തിക അനുമതി ലഭിച്ചിട്ടുണ്ട്.

(സി) അന്തിമ വൈദ്യുതി വാങ്ങൽ കരാർ, എസ്ക്രോ നിബന്ധനകൾ, ഇന്ധനം വാങ്ങൽ, ഫൈനാൻഷ്യൽ ക്ലോഷൻ തുടങ്ങി വിവിധ സാങ്കേതിക ഘടകങ്ങളെ സംബന്ധിച്ച് അന്തിമ തീരുമാനമാകേണ്ടതുണ്ട്.

തലശ്ശേരി ക്യാൻസർ ആശുപത്രിയുടെ നിർമ്മാണച്ചെലവ്

122 (347) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തലശ്ശേരിയിൽ ആരംഭിച്ച ക്യാൻസർ ആശുപത്രിയുടെ മൊത്തം എസ്റ്റിമേറ്റ് എത്ര രൂപയാണെന്നും ഇതിനോടകം എത്ര രൂപ ചെലവഴിച്ചുവെന്നും വെളിപ്പെടുത്തുമോ ;

(ബി) ക്യാൻസർ ആശുപത്രിയും അനുബന്ധപദ്ധതികൾക്കും വേണ്ടി എസ്.എൻ.സി. ലാവ്‌ലിൻ എത്ര തുകയാണ് വാഗ്ദാനം നൽകിയിട്ടുള്ളത് ; ഇതിൽ എത്ര രൂപ ഇതിനകം നൽകി ; ബാക്കി തുക നൽകാനുള്ള വ്യവസ്ഥകൾ എന്തെല്ലാമാണ് ;

LIBRARY ARCHIVES Kerala Legislative Assembly

(സി) 1996-ൽ വൈദ്യുതി മന്ത്രി കാനഡ സന്ദർശന വേളയിൽ എസ്.എൻ.സി. ലാവ്‌ലിനും ആയി ഉണ്ടാക്കിയ ധാരണാ പത്രത്തിന്റെയും തുടർന്ന് എസ്.എൻ.സി. ലാവ്‌ലിനും മലബാർ ക്യാൻസർ സെന്ററും തമ്മിൽ ഉണ്ടാക്കിയ വ്യവസ്ഥകളുടെയും പകർപ്പ് മേശപ്പുറത്തുവയ്ക്കുമോ ;

(ഡി) ക്യാൻസർ ആശുപത്രി നടത്തിപ്പിലും മാനേജുമെന്റിലും കെ.എസ്.ഇ.ബി.യുടെ പങ്കാളിത്തം എന്താണെന്ന് വ്യക്തമാക്കുമോ ;

(ഇ) ലോവർ പെരിയാർ പദ്ധതി നടത്തിപ്പിൽ കരാർ വ്യവസ്ഥകൾ ലംഘിച്ചതിന് എസ്.എൻ.സി. ലാവ്‌ലിനെതിരെ ആരംഭിച്ച വിജിലൻസ് അന്വേഷണം പൂർത്തിയായോ ; എങ്കിൽ നിഗമനങ്ങൾ വെളിപ്പെടുത്തുമോ ;

(എച്ച്) കുറ്റ്യാടി രണ്ടാംഘട്ടം പദ്ധതിയുടെ പ്രവർത്തിനടത്തുന്നത് ഏത് കോൺട്രാക്ടർ ആണെന്നും ടെൻഡർ തുക എത്രയാണെന്നും വ്യക്തമാക്കുമോ ;

(ജി) ഏറ്റവും കുറഞ്ഞ തുകയ്ക്ക് ടെൻഡർ നൽകിയവർ സമർപ്പിച്ച ടെൻഡറിന് വിലയിരുത്തി വർക്ക് ഓർഡർ നൽകിയോ; ഇല്ലെങ്കിൽ കാരണം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ആകെ പദ്ധതി തുക 103 കോടി രൂപയാണ്. ഇതിൽ 15 കോടിയോളം രൂപ ഇതുവരെ ചെലവഴിച്ചിട്ടുണ്ട്.

(ബി) എസ്.എൻ.സി. ലാവ്‌ലിൻ പ്രത്യേകമായി തുകയൊന്നും വാഗ്ദാനം ചെയ്തിട്ടില്ല. എന്നാൽ എസ്.എൻ.സി. ലാവ്‌ലിൻ കാനഡയിലെ വിവിധ സർക്കാർ ഏജൻസികളിൽ നിന്നും 98 കോടി രൂപ സ്വരൂപിക്കാമെന്നാണ് സമ്മതിച്ചിട്ടുള്ളത്. ഇതിൽ 15 കോടി രൂപ കാനഡയിലെ ഏജൻസികൾ ആശുപത്രിക്ക് വേണ്ടി ചെലവഴിച്ചു കഴിഞ്ഞുവെന്നും ബാക്കി തുക സ്വരൂപിക്കാനുള്ള ശ്രമത്തിലാണെന്നുമാണ് സൊസൈറ്റി അധികൃതർ അറിയിച്ചിട്ടുണ്ട്.

(സി) 1996-ൽ വൈദ്യുതി മന്ത്രിയുടെ കാനഡ സന്ദർശനവേളയിൽ എസ്.എൻ.സി. ലാവ്‌ലിനുമായി ധാരണാപത്രം ഉണ്ടാക്കിയിട്ടില്ല. എന്നാൽ എസ്.എൻ.സി. ലാവ്‌ലിനും സംസ്ഥാന സർക്കാരുമായി 1998-ൽ ഒരു ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്.

(ഡി) ഇക്കാര്യത്തിൽ കെ.എസ്.ഇ.ബി.ക്ക് പ്രത്യേകിച്ച് പങ്കാളിത്തമൊന്നുമില്ല.

(ഇ) എസ്.എൻ.സി. ലാവ്‌ലിൻ എന്ന കമ്പനിക്ക് ലോവർ പെരിയാർ പദ്ധതിയുടെ കൺസൾട്ടൻസി ഫീസ് നൽകിയതു സംബന്ധിച്ച് ഒരു വിജിലൻസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം പൂർത്തിയായി. റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരികയാണ്.

(എഫ്&ജി) ടി പണി സംബന്ധിച്ച ദർഘാസുകളുടെ വിലയിരുത്തൽ പൂർത്തിയായി. വർക്ക് അവാർഡ് ചെയ്യുന്നതിനുള്ള നടപടി അവസാനഘട്ടത്തിലാണ്.

LIBRARY ARCHIVES Kerala Legislative Assembly